പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1211 12.07.2016-ലെ മറുപടിക്ക്

മൂന്നാർ ഡിപ്പോയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച മൂന്നാർ ഡിപ്പോയുടെ ബസ് ടെർമിനൽ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണ്; പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | എം.എൽ.എ ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച മൂന്നാർ ഡിപ്പോയുടെ കെട്ടിടത്തിലേക്ക് ഓഫീസും ഓപ്പറേഷനുമായി ബന്ധപ്പെട്ട സെക്ഷനുകളും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന് പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ ലഭിച്ചാലുടനെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തനം തുടങ്ങുന്നതാണ്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മൂന്നാർ ഡിപ്പോയ്ക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചു; | (ബി) | ഒരു ജൻറം ബസ് ഉൾപ്പടെ 16 പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | മൂന്നാർ-ബാംഗ്ലൂർ ബസ് മൈസൂരുവിൽ കൂടി കടന്നുപോകുന്ന സമയത്തിൽ മാറ്റമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | സമയത്തിൽ മാറ്റം വന്നിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഏറ്റവും കൂടുതലും കുറവും വരുമാനമുള്ള ഡിപ്പോകൾ ഏതെല്ലാമാണെന്ന് അറിയിയ്ക്കുമോ? | (ഡി) | 2015-16 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാനമുള്ള ഡിപ്പോ തിരുവനന്തപുരം സെൻട്രലും, ഏറ്റവും കുറവ് വരുമാനമുള്ള ഡിപ്പോ പൊൻകുന്നവുമാണ്. |

സെക്ഷൻ ഓഫീസർ